## സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് ആന്റ് കസ്റ്റംസിന്റെ ഉത്തരവ്

92 (463) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുപത്തഞ്ച് ഇനങ്ങളിലധികം സാധനങ്ങൾ കൊണ്ടുപോകുന്നത് ജി.എസ്.ടി. ഉദ്യോഗസ്ഥർ തടയരുതെന്ന് വ്യക്തമാക്കി സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് ആൻഡ് കസ്റ്റംസ് ഉത്തരവ് പുറപ്പെടുവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇതുപ്രകാരം ഏതെല്ലാം സാധനങ്ങൾ കൊണ്ടുപോകുമ്പോൾ തടഞ്ഞ് വയ്ക്കരുതെന്നാണ് ഉത്തരവിറക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഉത്തരവുമൂലം നികുതി അടയ്ക്കാതെ സാധനങ്ങൾ കൊണ്ടുപോകുന്നത് വർദ്ധിക്കുമെന്ന കാര്യം ഗൗരവമായി കാണുമോ?

ഉത്തരം

(എ-സി) സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് ആന്റ് കസ്റ്റംസിന്റെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സെൻട്രൽ നോട്ടിഫിക്കേഷൻ 27/2018 പ്രകാരം ജി.എസ്.ടി. വകുപ്പ് ഉദ്യോഗസ്ഥർ പിടിച്ചെടുക്കുന്ന പെട്ടെന്ന് നശിച്ച് പോകുന്ന സാധനങ്ങൾ, കാലവിളംബംകൊണ്ട് വിലക്കുറവുണ്ടാകുന്ന സാധനങ്ങൾ, ശേഖരിച്ച് വയ്ക്കാൻ കൂടുതൽ സ്ഥലം ആവശ്യമായ സാധനങ്ങൾ എന്നിവയുടെ ഗണത്തിൽപ്പെടുത്തി ചില ഉത്പ്പന്നങ്ങളെ പിടിച്ചെടുക്കാനുള്ള സാഹചര്യം ഉണ്ടായാൽ അവ എത്രയുംപെട്ടെന്ന് തീർപ്പാക്കണമെന്ന് ഉത്തരവായിട്ടുണ്ട്.

## പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനായി സെസ്സ്

93 (464) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനായി പണം സമാഹരിക്കുന്നതിന് ജി.എസ്.ടി.-ക്ക് പുറമെ ഒരു ശതമാനം സെസ്സ് ചുമത്തുവാൻ ജി.എസ്.ടി. കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) എത്ര വർഷത്തേയ്ക്ക് സെസ്സ് ചുമത്തുവാനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly